ശ്രീ. കെ. ശിവദാസൻ : അത് ഈ ചോദ്യത്തിന് മറുപടിയായി വരുന്ന തല്ല. എൻഫോഴ്സ്മെൻറ് വളരെ ശക്തമായിട്ടുണ്ട്. അടുത്ത ഒരാഴ്ച ക്കുള്ളിൽ കൊല്ലത്ത് ആര്യങ്കാവിൽ വച്ച് പത്ത് പതിനയ്യായിരം ലക്ഷം ലിറ്റർ സ്പിരിറ്റ് വൻപിച്ച റേഡ് നടത്തി പിടിച്ചിട്ടുണ്ട്. പല സ്ഥലത്തും അങ്ങനെ പിടിക്കുന്നുണ്ട്.

ശ്രീ. എ. കെ. ശശീന്ദ്രൻ : 12-8-1986-ൽ എക്സൈസ് വകുപ്പുമന്ത്രി വിളിച്ചുകൂട്ടിയ കോൺഫറൻസിലെ തീരുമാനങ്ങൾ ലംഘിച്ച് ഒരു പ്രത്യേക ഫാക്ടറി ടെണ്ടർ വിളിക്കാതെ ചാരായം ഇറക്കുമതി ചെയ്യാൻ ശ്രമിച്ചുവെന്ന് മന്ത്രി പറയുകയുണ്ടായി. അങ്ങനെ ധൈര്യം കാണിച്ച മാനേജ്മെൻറിനെ അവിടെ തന്നെ നിറുത്തി ഇപ്പോഴും ആ സ്ഥാപനത്തിൻെറ തലവനായി തുടരാൻ സാധിക്കുന്നത് എന്തുകൊണ്ടാണ്, എന്തു കൊണ്ട് അവരുടെ പേരിൽ നടപടി എടുത്തില്ല?

ശ്രീ. കെ. ശിവദാസൻ : ഇങ്ങനെ ഉണ്ടായപ്പോൾ സാധാരണ നിയമപ്രകാരം ചെയ്യുന്നതുപോലെ, അന്വേഷണം നടത്തിക്കൊണ്ടിരിക്കുകയാണ്.

(ii) രേഖാമൂലം നൽകുന്ന ഉത്തരങ്ങൾ

ഐ. ആർ. ഡി. പി., എൻ. ആർ. ഇ. പി., ആർ. എൽ. ഇ. ജി. പി എന്നീ പദ്ധതികളെക്കുറിച്ച് പ്ലാനിംഗ് കമ്മീഷൻെറ വിലയിരുത്തൽ

* 353. [379] ശ്രീ. എ. സി. ജോസ് :
,, കെ. മുഹമ്മദാലി :
,, കെ. രാഘവൻ മാസ്റ്റർ :
,, കെ. കെ. ശ്രീനിവാസൻ :
,, സീദ്ധാർത്ഥൻ കാട്ടുങ്ങൽ :

താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഐ. ആർ. ഡി. പി., എൻ. ആർ. ഇ. പി., ആർ. എൽ. ഇ. ജി.പി, എന്നീ പദ്ധതികളുടെ സംസ്ഥാനത്തെ പ്രവർത്തനങ്ങളെപ്പറ്റി പ്ലാനിംഗ് കമ്മീഷൻെറ ഇവാലുവേഷൻ വിഭാഗത്തിൻെറ വിലയിരുത്തൽ എന്താണെന്ന് പറയുമോ ;

(ബി) ഇതുകൂടാതെ മറെറങ്കിലും സ്വയംഭരണ സ്ഥാപനങ്ങൾ ഈ പദ്ധതികളുടെ സംസ്ഥാനത്തെ പ്രവർത്തനത്തെപ്പറ്റിയുള്ള നേട്ടങ്ങളും കോട്ടങ്ങളും വിലയിരുത്തിയിട്ടുണ്ടോ ;

(സി) ഉണ്ടെങ്കിൽ ഏതെല്ലാം സ്ഥാപനങ്ങൾ ;

(ഡി) അവരുടെ നിഗമനങ്ങൾ എന്തെല്ലാം ?

ഗ്രാമവികസന വകുപ്പുമന്ത്രി (ശ്രീ. രമേശ് ചെന്നിത്തല) :

(എ) പ്ലാനിംഗ് കമ്മീഷൻെറ ഇവാലുവേഷൻ വിഭാഗം ഐ. ആർ. ഡി. പി. യുടെ പ്രവർത്തനങ്ങളെപ്പറ്റി മാത്രമേ വിലയിരുത്തൽ നടത്തിയിട്ടുള്ളു. അതു തന്നെ, 1983-84-ൽ 16 സാമ്പിൾ സ്ഥാനങ്ങളിൽ 33 ജില്ലകളിലും 66 ബ്ലോക്കുകളിലുമായിരുന്നു. അഖിലേന്ത്യാടിസ്ഥാനത്തിൽ നടത്തിയ വിലയിരുത്തൽ

LIBRARY ARCHIVES Kerala Legislative Assembly

ലിന്റെ ഭാഗമായി കേരളത്തിലെ 2 ജില്ലകളിലും 4 ബ്ലോക്കുകളിലുമായി നടത്തിയതാണ്. ഐ. ആർ. ഡി. പി. സഹായം ലഭിച്ച കുടുംബങ്ങളിൽ 49.4 ശതമാനം ദാരിദ്ര്യ രേഖ കടന്നതായി ഈ പഠനത്തിൽ കാണുകയുണ്ടായി.

(ബി) ഐ. ആർ. ഡി. പി. യുടെ പ്രവർത്തനങ്ങളെപ്പറ്റി പല സ്ഥാപനങ്ങളും വിലയിരുത്തൽ നടത്തിയിട്ടുണ്ട്. അവയിലധികവും ജില്ലാടിസ്ഥാനത്തിലുള്ളവയാണ്. എൻ. ആർ. ഇ. പി. യെ പറ്റി സംസ്ഥാന പ്ലാനിംഗ് ബോർഡ് ഒരു പഠനം നടത്തുകയുണ്ടായി. ആർ. എൽ. ഇ. ജി. പി. യുടെ പ്രവർത്തനങ്ങളെപ്പറ്റി വിലയിരുത്തലൊന്നും ഇതേവരെ ഉണ്ടായിട്ടില്ല.

(സി) ഐ. ആർ. ഡി. പി. യുടെ പ്രവർത്തനങ്ങളെപ്പറ്റി സംസ്ഥാന പ്ലാനിംഗ് ബോർഡ് 1981-ൽ ഒരു വിലയിരുത്തൽ നടത്തിയിട്ടുണ്ട്. അതിനു ശേഷം കേരളാ സ്റ്റാറ്റിസ്റ്റിക്കൽ ഇൻസ്റ്റിറ്റ്യൂട്ട് കൊല്ലം ജില്ലയിലും നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് അർബൻ അഫയേഴ്സ് ആലപ്പുഴ ജില്ലയിലും കൊച്ചി സർവ്വകലാശാല കോട്ടയം, എറണാകുളം ജില്ലകളിലും കാർഷിക സർവ്വകലാശാല തൃശൂർ, പാലക്കാട്, മലപ്പുറം ജില്ലകളിലും കാലിക്കറ്റ് സർവ്വകലാശാല കണ്ണൂർ, കോഴിക്കോട് ജില്ലകളിലും ഐ. എം. ജി. തിരുവനന്തപുരം ജില്ലയിലും ഐ. ആർ. ഡി. പി. യുടെ പ്രവർത്തനങ്ങളെ കുറിച്ച് പഠനം നടത്തിയിട്ടുണ്ട്. കേന്ദ്ര ഗവൺമെന്റിന്റെ കൺകറന്റ് ഇവാലുവേഷന്റെ ഭാഗമായി കോട്ടയത്തെ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് റീജിയണൽ ഡവലപ്പ്മെന്റ് സ്റ്റഡീസ് 1985 ഒക്ടോബർ മുതൽ കേരളത്തിലെ വിവിധ ജില്ലകളിൽ പഠനം നടത്തി വരുന്നുണ്ട്.

(ഡി) അവരുടെ പ്രധാന നിഗമനങ്ങളിൽ പൊതു സ്വഭാവമുള്ളവയുടെ സംഗ്രഹം താഴെ കൊടുക്കുന്നു.

1. അർഹതയില്ലാത്ത കുടുംബങ്ങളും സഹായം വാങ്ങിയവരുടെ കൂട്ടത്തിലുണ്ട്

2 പ്രാദേശിക സ്വഭാവവും ആവശ്യങ്ങളും കണക്കിലെടുക്കാത്തതിന്റെ പേരിൽ പല സ്കീമുകളും പരാജയപ്പെടുവാനിടയായിട്ടുണ്ട്.

3. കാർഷിക മേഖലയിലെ പ്രവർത്തനങ്ങൾ അടിസ്ഥാനമാക്കിയുള്ള സ്കീമുകളാണ് കൂടുതലായി നടപ്പിലാക്കിയിട്ടുള്ളത്.

4. കൂടുതൽ പ്രത്യുൽപ്പാദന പരമായ മേഖലകളിൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കേണ്ടിയിരിക്കുന്നു.

5. സ്കീം അനുവദിക്കുന്നതിൽ ഒഴിവാക്കാവുന്ന കാലതാമസം വരുന്നുണ്ട്.

6. വളരെ കുടുംബങ്ങളെ ദാരിദ്ര രേഖയ്ക്കു മുകളിൽ കൊണ്ടു വരുവാൻ പ്രത്യുൽപ്പാദനപരമായ ചെറുകിട വ്യവസായ സംരംഭങ്ങൾ, ഗ്രാമ വ്യവസായങ്ങൾ, മറ്റു ചെറുകിട ബിസിനസ് പ്രവർത്തനങ്ങൾ മുതലായവയ്ക്ക് കഴിഞ്ഞിട്ടുണ്ട്.

7. ഗുണഭോക്താക്കളുടെ പട്ടികയിൽ കടന്നുകൂടുന്ന അനർഹരായവരുടെ ശതമാനം അനുസ്യൂതം കുറഞ്ഞു വന്നിട്ടുണ്ട്.

8. തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്ന കാര്യത്തിൽ എൻ. ആർ. ഇ. പി. ഒരു വിജയമാണ്. റോഡു നിർമ്മാണത്തിന് അമിത പ്രാധാന്യം നൽകിയതായി തോന്നലുണ്ടാക്കുന്നുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly